ഹയർ സെക്കൻററി വിദ്യാഭ്യാസ
ഡയറകട്റുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

**ICT Cell/1771/ HSE/2014** **12th February 2015**

# സർക്കുലർ

**വിഷയം : ഹ.സെ.വി.-പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം (PEECS) -വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് 2015-16 അധ്യയന വർഷം കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് - സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 04/02/2015 -ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ **PEECS** എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം

സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളെ , പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള മത്സരപ്പരീക്ഷകൾക്ക് സജ്ജരാക്കുന്നതിനായി 2013-2014 അദ്ധ്യയന വർഷം സംസ്ഥാന സർക്കാർ ആരംഭിച്ച ഒരു നൂതന പദ്ധതിയാണ് പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം( **PEECS).** ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറ ആഭിമുഖ്യത്തിൽ IT@സ്കൂൾ , വിക്ടേഴ്സ് ചാനൽ , കെൽട്രോൺ എന്നിവയുടെ സാങ്കേതിക സഹായത്തോടെയാണ് ഹയർസെക്കണ്ടറി തലത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഹയർസെക്കണ്ടറി പാഠ്യപദ്ധതിയുടേയും എൻട്രൻസ് പരീക്ഷാ സിലബസിൻേറയും അടിസ്ഥാനത്തിൽ പാഠഭാഗങ്ങൾ നിശ്ചിത മോഡ്യൂളുകളായി വിഭജിച്ച് ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള ക്ലാസ്സുകൾ ഒരു ദിവസം ഒരു വിഷയം എന്ന രീതിയിൽ ശനി , ഞായർ ദിവസങ്ങളിലായി ക്രമീകരിച്ചാണ് പരിശീലന ക്ലാസ്സുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ സൗകര്യപ്രദമായി വീക്ഷിക്കുവാനും , വിഷയവുമായി ബന്ധപ്പെട്ട ഓൺലൈൻ പരീക്ഷകൾ എഴുതുന്നതിനും അദ്ധ്യാപകരിൽ നിന്നും സംശയ നിവാരണം നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ നിലവിൽ 140 നിയോജക മണ്ഡലങ്ങളിലെ ഓരോ ഹയർസെക്കണ്ടറി സ്കൂളുകൾ കേന്ദ്രങ്ങളാക്കി IT@സ്കൂൾ സജ്ജീകരിച്ചിട്ടുണ്ട്. ഒരു കേന്ദ്രത്തിൽ 40 വിദ്യാർത്ഥികൾക്കുള്ള സാങ്കേതിക സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്.

2015–16 അധ്യയന വർഷാരംഭം മുതൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി 20 കമ്പ്യൂട്ടറെങ്കിലും സജ്ജീകരിച്ചിട്ടുള്ള ലാബുകൾ ഉള്ള സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് **PEECS** കേന്ദ്രങ്ങൾ അനുവദിക്കാൻ സൂചനയിലെ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഇത്തരം സ്കൂളുകൾക്ക് ആവശ്യമനുസരിച്ച് ഡിജിറ്റൽ പ്രൊജക്ടർ , ലാപ്ടോപ്പ്, പ്രിൻറർ, ഇൻറർനെറ്റ് ,കേബിൾ ടി.വി / DTH Set top box എന്നിവ ഐ.റ്റി @ സ്കൂൾ നൽകുന്നതാണ്.

**PEECS** കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി അനുബന്ധമായി നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ അതത് സ്കൂൾ പ്രിൻസിപ്പൽമാർ തയ്യാറാക്കി **2015 ഫെബ്രുവരി 20 ന് വൈകിട്ട് 5 മണിക്കുള്ളിൽ** ലഭിക്കത്തക്ക വിധം **'ജോയിൻറ് ഡയറക്ടർ (അക്കാദമികം) , ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, ഹൗസിങ് ബോർഡ് ബിൽഡിങ്ങ്സ് , ശാന്തിനഗർ , തിരുവനന്തപുരം –1 '** എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**ഡയറക്ടർ**

# അനുബന്ധം

1. School Name & Address :

2. PinCode :
3. SchoolGender(Boys/Girls/Mixed) :
4. Name of Principal :
5. Mobile No of Principal :
6. Name of HITC :
7. Mobile No of HITC :
8. School PhoneNo(HSS) :
9. School E-mail Id(HSS) :
10. District :
11. Educational District :
12. Educational SubDistrict :
13. Regional Office :
14. TalukName :
15. Local BodyName :
16. Assembly ConstituenyName :
17. Parliament ConstituenyName :
18. Type of School :
   (Mention GOVT,AidedGeneral,AidedBackward, Aided Minority)
19. Computer / ICT Enabled Infrastructure facilities:

**i) Number of computers in working condition available**

**a) For Teaching Learning purposes (In Lab) : ……….Text Box**

**b) For the use in the office :**

**c) Does the school have Broad Band Connection YES/NO**

**ii) Does the school have the following equipments in usable condition?**

| **Equipment** | **YES /NO** | **Number** |
|---|---|---|
| Television | | |
| Audio/Visual/Public Address System | | |
| Tape Recorder | | |
| LCD Projector | | |
| Overhead projector | | |
| Radio | | |
| CableTV | | |

**Place:** **Signature of Principal**

**Date:**

**Office Seal**